**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5959** **16-03-2023 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരസഭയിൽ പൊതുമരാമത്ത് റോഡിൽ പാർക്കിംഗ് ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭയിലെ പൊതുമരാമത്ത് റോഡുകളിൽ നഗരസഭ പാർക്കിംഗ് ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>തിരുവനന്തപുരം നഗരത്തിലെ ഗതാഗത തിരക്കും അനിയന്ത്രിതമായ വാഹന പാർക്കിംഗ് കാരണമുണ്ടാകുന്ന അപകടങ്ങളും ഒഴിവാക്കുന്നതിനും, നിരത്തുകളിലെ ദൈർഘ്യമേറിയ വാഹന പാർക്കിംഗ് ഒഴിവാക്കുന്നതിനും ജില്ലാ കളക്ടർ അദ്ധ്യക്ഷനായ റോഡ് സേഫ്റ്റി കൗൺസിലിന്റെ തീരുമാന പ്രകാരം തിരുവനന്തപുരം നഗരത്തിലെ മെയിൻ റോഡിന്റെ വശങ്ങളിൽ നിർണ്ണയിക്കപ്പെട്ട സ്ഥലങ്ങളിൽ ഫീസ് ഈടാക്കിയുള്ള പാർക്കിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിരുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 03.11.2015 -ന് തിരുവനന്തപുരം നഗരത്തിലെ പാർക്കിംഗുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം നഗരസഭയിൽ ചേർന്ന യോഗതീരുമാനപ്രകാരമാണ് ട്രാഫിക് വാർഡന്മാരെ നിയോഗിച്ചുകൊണ്ടുള്ള പാർക്കിംഗ് ഫീസ് പിരിവ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ആയത് 27.05.2016 തീയതിയിലെ 3(എ) 10 പ്രകാരം നഗരസഭ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതുമാണ്. ഫീസ് പിരിവിനായുള്ള ട്രാഫിക് വാർഡന്മാരുടെ നിയമന ചുമതല പോലീസ് മേധാവികൾക്കും വരവ് ചെലവ് മേൽനോട്ടം നഗരസഭക്കുമാണ്. |
| (ബി) | റോഡ് ടാക്സ് അടച്ച് വാഹനം വാങ്ങി ഉപയോഗിക്കുന്ന പൊതു ജനങ്ങളിൽ നിന്നും ഇത്തരത്തിൽ ഫീസ് ഈടാക്കുന്നത് ഉചിതമാണോ എന്ന് വ്യക്തമാക്കാമോ; ഏതൊക്കെ വാഹനങ്ങൾക്ക് പാർക്കിംഗ് ഫീസ് ഈടാക്കുന്നതിൽ നിന്ന് ഇളവ് അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | സൗകര്യമുള്ള സ്ഥലങ്ങളിൽ 'On Road' പാർക്കിംഗ്, ഗതാഗത തടസ്സമുണ്ടാക്കാത്ത രീതിയിൽ ഫീസ് ഈടാക്കുകയാണ് ചെയ്തുപോരുന്നത്. സർക്കാർ വാഹനങ്ങളെ ഒഴിവാക്കിയിട്ടുള്ളതാണ്. |
| (സി) | കഴിഞ്ഞ 5 വർഷ കാലയളവിൽ പ്രതിമാസം എത്ര | (സി) | കഴിഞ്ഞ 5 വർഷ കാലയളവിൽ തിരുവനന്തപുരം |

| | | | |
|---|---|---|---|
| | രൂപയാണ് തിരുവനന്തപുരം നഗരസഭ പാർക്കിംഗ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തത് ; വ്യക്തമാക്കാമോ; ഫീസ് ഈടാക്കാൻ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | | നഗരസഭ പാർക്കിംഗ് ഫീസ് ഇനത്തിൽ പിരിച്ചെടുത്ത തുക അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത പാർക്കിംഗ് ഫീസ് നഗരസഭയുടെ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കുന്നതും പ്രസ്തുത പാർക്കിംഗുമായി ബന്ധപ്പെട്ട ടിക്കറ്റ് പ്രിന്റിംഗ് വാർഡന്മാരുടെ ഓണറേറിയം തുടങ്ങി ഇതുമായി ബന്ധപ്പെട്ട ചിലവുകൾ ടി അക്കൗണ്ടിൽ നിന്നും നിർവ്വഹിക്കുന്നു. നിലവിൽ അതാതു മാസത്തെ കളക്ഷൻ തുക വാർഡന്മാർക്ക് ഓണറേറിയം നൽകുന്നതിനു പോലും തികയാതെ വരികയും, ഫീസ് പിരിവിനുള്ള രസീത് പ്രിന്റ് ചെയ്യതിന് നഗരസഭ തനതു ഫണ്ടിൽ നിന്നും 2,05,200/- രൂപ അനുവദിച്ച് നൽകിയിട്ടുമുണ്ട്. നിലവിൽ പാർക്കിംഗ് ഫീസ് കളക്റ്റ് ചെയ്യുന്നതിനായി 122 ട്രാഫിക് വാർഡന്മാരെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ